**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 590** **02-02-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഭോക്താക്കളിൽ പെൻഷൻകാരുടെ ആശ്രിതരായി അവരുടെ മക്കൾ ഉൾപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **പെൻഷൻകാർക്ക് അവരുടെ പങ്കാളിയേയും മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളേയും (പ്രായപരിധി ബാധകമല്ല) മാത്രമാണ് പദ്ധതിയിൽ ഗുണഭോക്താവായി നിലവിൽ നിശ്ചയിച്ചിരിക്കുന്നത്** |
| (ബി) | ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും ഒരേ പ്രീമിയം ഈടാക്കി നടപ്പിലാക്കിയ മെഡിസെപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളിൽ പെൻഷൻകാരുടെ ആശ്രിതരായി അവരുടെ മക്കളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | **ഗുണഭോക്താക്കളെയും അവരുടെ ആശ്രിതരെയും നിശ്ചയിച്ച് മെഡിസെപ് പദ്ധതി 01.07.2022 മുതൽ ആരംഭിച്ച സാഹചര്യത്തിൽ കരാറിൽ നിന്നും വ്യതിചലിച്ച് പെൻഷൻകാരുടെ ആശ്രിതരായി അവരുടെ മക്കളെ ഉൾപ്പെടുത്തുന്നതിന് ഈ പദ്ധതി കാലയളവിൽ നിർവ്വാഹമില്ല.** |
| (സി) | മെസിസെപ്പിനായി എൻലിസ്റ്റ് ചെയ്ത ഹോസ്പിറ്റലുകളിൽ ലഭ്യമായ എല്ലാ ചികിത്സകളും പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കാമോ? | (സി) | മെസിസെപ്പിനായി എൻലിസ്റ്റ് ചെയ്ത ഹോസ്പിറ്റലുകളിൽ ലഭ്യമായ എല്ലാ ചികിത്സകളും പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ